## പതിനാലാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2430 — 12.06.2018 ൽ മറുപടിക്ക്

### ഗെയിൽ പൈപ്പ് ലൈൻ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ. പി.അനിൽകുമാർ<br>ശ്രീ. അനിൽ അക്കര<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ. | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | ഗെയിൽ പൈപ്പ് ലൈനിനെതിരെ ചില സ്ഥലങ്ങളിൽ ഉണ്ടായിട്ടുള്ള എതിർപ്പ് മറികടക്കുന്നതിന് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുന്നതിന് തയ്യാറായിട്ടുണ്ടോ; | (എ) & (ബി) | പദ്ധതിയുടെ ആരംഭ ഘട്ടത്തിൽ സംസ്ഥാനത്തിന്റെ ചില പ്രദേശങ്ങളിൽ പദ്ധതിക്കെതിരെ പ്രതിഷേധം നിലനിന്നിരുന്നുവെങ്കിലും സംസ്ഥാന സർക്കാരിന്റെ ആർജ്ജവമായ ഇടപെടൽ മൂലം ജനങ്ങളുടെ വിശ്വാസം ആർജ്ജിക്കുവാനും പ്രതിഷേധങ്ങളെ മറികടക്കുവാനും സാധിച്ചു.<br>നഷ്ട പരിഹാരം സംബന്ധിച്ച പരാതി ഉയർന്നപ്പോൾ പാക്കേജ് പുന : പരിശോധിക്കുകയും 01.12.2017 ലെ സർക്കാർ ഉത്തരവ് പ്രകാരം നഷ്ടപരിഹാരം ഉയർത്തിക്കൊണ്ടുള്ള പുതുക്കിയ പാക്കേജ് പ്രഖ്യാപിച്ചു. ഇത് ഭൂവുടമകൾക്ക് ഇടയിൽ പദ്ധതിക്കനുകൂലമായി വളരെ നല്ല പ്രതികരണമാണ് ഉളവാക്കിയത്. |
| (ബി) | നഷ്ടപരിഹാര തുക സംബന്ധിച്ച് ഉണ്ടായിരുന്ന തർക്കങ്ങൾ രമ്യമായി പരിഹരിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; | | |
| (സി) | ചില തല്പര കക്ഷികൾ ഈ പദ്ധതിയെ അട്ടിമറിക്കുവാൻ നടത്തുന്ന ശ്രമങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചത്; | (സി) & (ഡി) | ഉണ്ട്. ജനങ്ങളുടെ സംശയ ദൂരീകരണത്തിന് ജില്ലാ ഭരണകൂടത്തിന് കഴിഞ്ഞിട്ടുണ്ട്. ജില്ലാ ഭരണകൂടത്തിന്റേയും പോലീസിന്റേയും സഹകരണത്തോടുകൂടി ബോധവല്ക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ആയത് വളരെയധികം സഹായകരമാവുകയും ചെയ്തു. തൽഫലമായി ജനങ്ങൾ പദ്ധതിക്കനുകൂലമായ |
| (ഡി) | പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സർക്കാർ | | |

| | | | |
|---|---|---|---|
| | തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | | നിലപാട് സ്വീകരിക്കുകയും ചെയ്തു. ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് ഗെയിൽ അധികൃതർ അറിയിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ സർക്കാർ സജീവമായ മേൽനോട്ടം നടത്തിവരുന്നു. |

Bindu.T

**സെക്ഷൻ ഓഫീസർ**